**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2021** **02-02-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 05.02.2021 ൽ പദ്ധതിയുടെ എസ്.പി.വി. ആയ M/s. കിറ്റ്കോയുമായി M/s. ലീ ബിൽഡേഴ്സ് കരാറിലേർപ്പെടുകയും 10% ത്തോളം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് കിഫ്ബിയുടെ സൈറ്റ് സന്ദർശന വേളയിൽ പദ്ധതിയുടെ ഫൗണ്ടേഷൻ ഡിസൈൻ പുനപരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് പദ്ധതി നിർത്തി വച്ചിരിക്കുകയാണ്. ഫൗണ്ടേഷൻ ഡിസൈൻ റീ-ഡിസൈൻ ചെയ്ത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ പ്രവൃത്തി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിർമ്മാണ പ്രവൃത്തി നിർത്തി വച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകി നിർത്തി വച്ചിരിക്കുന്നതിനാൽ കിഫ്ബിയുടെ അനുമതി ലഭിച്ചതിന് ശേഷം മാത്രമേ പ്രവൃത്തി പുനരാരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. ടി പദ്ധതി അവലോകനത്തിനായി 08.05.2023, 21.07.2023- തീയതികളിൽ KIIFB, KITCO എന്നിവരെ പങ്കെടുപ്പിച്ച് സെക്രട്ടറിതലത്തിൽ യോഗം ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. 31.01.2024-ന് കായിക വകുപ്പ് ഡയറക്ടർ നടത്തിയ കിറ്റ്കോ നിർവ്വഹിക്കുന്ന കിഫ്ബി പദ്ധതികളുടെ അവലോകന യോഗത്തിൽ പദ്ധതിക്ക് അടിയന്തിരമായി കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി അവലോകനം ചെയ്യുന്നതിന് കിഫ്ബി, നിർവ്വഹണ ഏജൻസിയായ കിറ്റ്കോ എന്നിവരെ | (സി) | നിർമ്മാണ പ്രവൃത്തി നിർത്തി വച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി കിഫ്ബി സ്റ്റോപ്പ് |

| | | | |
|---|---|---|---|
| | പങ്കെടുപ്പിച്ചുകൊണ്ട് മന്ത്രിതലത്തിൽ യോഗം വിളിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | മെമ്മോ നൽകി നിർത്തി വച്ചിരിക്കുന്നതിനാൽ കിഫ്‌ബിയുടെ അനുമതി ലഭിച്ചതിന് ശേഷം മാത്രമേ പ്രവൃത്തി പുനരാരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. ടി പദ്ധതി അവലോകനത്തിനായി 08.05.2023, 21.07.2023- തീയതികളിൽ KIIFB, KITCO എന്നിവരെ പങ്കെടുപ്പിച്ച് സെക്രട്ടറിതലത്തിൽ യോഗം ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. 31.01.2024-ന് കായിക വകുപ്പ് ഡയറക്ടർ നടത്തിയ കിറ്റ്കോ നിർവ്വഹിക്കുന്ന കിഫ്ബി പദ്ധതികളുടെ അവലോകന യോഗത്തിൽ പദ്ധതിക്ക് അടിയന്തിരമായി കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ